പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1895 10.03.2020 - ൽ മറുപടിയ്ക്ക്

## ശ്രുതിതരംഗം പദ്ധതി

ചോദ്യം

ശ്രീ കെ. ബാബു

മറുപടി

കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന ശ്രുതി-തരംഗം പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ ജന്മനാ ബധിരരും മൂകരുമായ കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി രണ്ട് വർഷം നീണ്ടു നിൽക്കുന്ന ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ കുട്ടികളുടെ ശ്രവണശേഷിയും സംസാരശേഷിയും വീണ്ടെടുക്കുകയെന്നതാണ് ശ്രുതിതരംഗം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. |
| (ബി) | ശ്രുതിതരംഗം പദ്ധതിയിലൂടെ നടപ്പിലാക്കുന്ന കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികൾക്ക് അനുബന്ധ ഉപകരണ-ങ്ങളുടെ പരിപാലന ചെലവിനായി എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നിലവിൽ ചെയ്യുന്നതെന്ന് വിശദമാക്കുമോ? | (ബി) | ശ്രുതിതരംഗം പദ്ധതി പ്രകാരം വാങ്ങുന്ന ഇംപ്ലാന്റുകൾക്ക് 10 വർഷവും സ്പീച്ച് പ്രോസസറിന് നാലു വർഷവും മറ്റ് അക്സസറീസിന് സ്റ്റാൻഡേർഡ് വാറണ്ടിയുമാണുള്ളത്. സ്പീച്ച് പ്രോസസറിന്റെ കാലാവധി അവസാനിച്ച ഗുണഭോക്താക്കൾക്ക് തുടർന്ന് രണ്ട് വർഷത്തേയ്ക്ക് കൂടി എക്സ്റ്റൻഡഡ് വാറണ്ടി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസ് നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഗുണഭോക്താക്കളുടെ എണ്ണം അനുസരിച്ച് ഒരു കുട്ടിയ്ക്ക് 50,000/- രൂപ നിരക്കിൽ കേരള സാമൂഹ്യ സുരക്ഷാ മിഷന് അനുവദിക്കുവാൻ ഉത്തരവായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**